**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ മൊത്തം കടം നാല് ലക്ഷം കോടിയിലേക്ക് അടുക്കുന്നതിനാൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള ധന ഉത്തരവാദിത്വ നിയമത്തിനു വിധേയമായും ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാണ് സംസ്ഥാനം കടമെടുത്തുപോരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം (2021-22 താല്കാലിക കണക്കുകൾ പരിഗണിച്ചും) 31.03.2022 –ലെ സംസ്ഥാനത്തന്റെ മൊത്തം കടബാദ്ധ്യത, 3,32,291 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത, 2010-11 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2015-16 ആയപ്പോഴേക്കും, ഇരട്ടിയിൽ കൂടുതൽ വർദ്ധിച്ചിരുന്നു. എന്നാൽ പ്രളയം അടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ് 19 മൂലമുള്ള പ്രതിസന്ധികളും ഉണ്ടായിട്ടും 2020-21 അവസാനം മൊത്തം ബാദ്ധ്യതയിൽ 2015-16 –നെ അപേക്ഷിട്ടുള്ള വളർച്ച 88.66 ശതമാനത്തിൽ പരിമിതപ്പെടുത്തുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.<br><br>Debt / GSDP അനുപാതവും ധനകമ്മി / GSDP അനുപാതവും 2020-21 –ലും 2021-22 –ലും മുൻവർഷങ്ങളെ അപേക്ഷിച്ച് ഉയർന്നിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ഇതിനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്.<br><br>1. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദീഭവിച്ചതിന്റെ ഫലമായി ആഭ്യന്തര ഉത്പാദനം ഗണ്യമായി കുറഞ്ഞതും negative growth രേഖപ്പെടുത്തിയതും |

| | | | |
|---|---|---|---|
| | | | 2. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി നിബന്ധനകൾക്ക് വിധേയമായി 2020-21 –ൽ ജി.എസ്.ഡി.പി.-യുടെ 3% -ൽ നിന്നും 5% ആയി വർദ്ധിപ്പിച്ചതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തുടർവർഷങ്ങളിലും ഉയർന്ന കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയതും<br>3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ divisible pool –ൽ നിന്നും സംസ്ഥാനത്തിനുള്ള വാർഷിക കേന്ദ്ര നികുതി വിഹിതം 2.5 % -ൽ നിന്നും 1.93% ആയി കുറച്ചത്.<br>4. കേവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിനുണ്ടായ സ്വാഭാവികമായ ഇടിവ്<br>5. കോവിഡിനെ തുടർന്ന് താറുമാറായ ജനജീവിതം സാധാരണ നിലയിലാക്കുന്നതിന് സംസ്ഥാന സർക്കാർ ആരോഗ്യ, സാമൂഹ്യ സുരക്ഷാ മേഖലകളിൽ നടത്തിയ അധിക ചെലവുകൾ.<br>6. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ശമ്പള പരിഷ്കരണവും പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണവും അനുഭവവേദ്യമാക്കിയത്. |
| (ബി) | കട ബാധ്യതകൾ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയെ തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ് വ്യവസ്ഥ അതിൽ നിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും അതുകൊണ്ടു തന്നെ നിലവിലെ ബാധ്യതകൾ സർക്കാരിന്റെ തുടർന്നുള്ള പ്രയാണത്തിൽ വിഘാതമാകുകയില്ല എന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. 11.03.2022-ൽ നിയമസഭയിൽ table ചെയ്ത Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം നടപ്പ് വർഷം മുതൽ രണ്ടക്ക വളർച്ച രേഖപ്പെടുത്തുമെന്നാണ് കണക്കുകൂട്ടുന്നത്. അതനുസരിച്ച് സംസ്ഥാനത്തന്റെ തനത് നികുതി, നികുതി ഇതര വരുമാനങ്ങളും നല്ല വളർച്ച കൈവരിക്കേണ്ടതാണ്. ഇതോടൊപ്പം നികുതി പിരിവ് ഊർജ്ജിതമാക്കുക, ചെലവുകളിൽ മിതത്വം പാലിക്കുക, ധൂർത്തുകൾ അവസാനിപ്പിക്കുക |

| | | | |
|---|---|---|---|
| | | | അടക്കമുള്ള സർക്കാർ പിൻതുടർന്നു വരുന്ന ധന ദൃഢീകരണ പ്രക്രിയയുടെ ഫലവും കൂടിയാകുമ്പോൾ 2023-24 ആകുമ്പോഴേക്കും FD/GSDP (%) 3.5% ആയും Debt/GSDP(%) 2024-25 ഓട്ടുകൂടി 35.7% ആയും മെച്ചപ്പെട്ടുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ, ക്രമാതീതമായ തോതിൽ ഉയരുന്ന പണപ്പെരുപ്പവും 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള റവന്യൂ കമ്മി ഗ്രാന്റ് വർഷാവർഷം ഗണ്യമായ തോതിൽ കുറഞ്ഞ് 2023-24 ഓട്ടുകൂടി ഇല്ലാതാകുന്നതും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉടലെടുത്ത വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്നതിലുള്ള അനിശ്ചിതാവസ്ഥയും സർക്കാരിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുമെന്ന ആശങ്കയും സർക്കാരിനുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ? | (സി) | സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കേണ്ടതായ സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ